സാഹചര്യം ഒരുക്കണമെന്നാണ്. ഇന്നലെയും മിനിഞ്ഞാന്നും ചർച്ചകൾ നടന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എന്നിട്ടും ഇതിനൊരു പരിഹാരം കാണാൻ കഴിഞ്ഞിട്ടില്ല. വളരെ ഗൗരവമായ ഒരു പ്രശ്നമെന്ന നിലയിൽ ഇക്കാര്യത്തിൽ മുഖ്യമന്ത്രിയും വിദ്യാഭ്യാസ വകുപ്പുമന്ത്രിയും ഇടപെട്ട് അടിയന്തിരമായി ആ കോളേജിൽ ക്ലാസ്സുകൾ സമാധാനപരമായി നടത്തിക്കൊണ്ടുപോകുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കണമെന്നഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, ഇക്കാര്യത്തിൽ മുഖ്യമന്ത്രി ഇടപെട്ടു കഴിഞ്ഞിരിക്കുകയാണ്. എന്നോട് കാര്യങ്ങൾ ചർച്ച ചെയ്ത് ഒത്തു തീർപ്പാക്കണമെന്ന് പറഞ്ഞിരിക്കുകയാണ്. ഞാൻ കോളേജ് പ്രിൻസിപ്പലിനെ വിളിച്ചു സംസാരിച്ചു. എത്രയും വേഗം ഇതിനൊരു പരിഹാരം കാണാൻ കഴിയുമെന്ന് പ്രതീക്ഷിക്കുകയാണ്.

(5) കടകൾ കത്തി നാശനഷ്ടം സംഭവിച്ചവർക്ക് അടിയന്തിര സാമ്പത്തികസഹായം

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : സർ, പറശ്ശിനിക്കടവിലെ തീപിടിത്തവുമായി ബന്ധപ്പെട്ട് ഭീമമായ നാശനഷ്ടം സംഭവിച്ചവർക്ക് സാമ്പത്തിക ആശ്വാസം നൽകണമെന്ന കാര്യമാണ് ഞാൻ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ശ്രമിക്കുന്നത്. കേരളത്തിലെ പ്രധാനപ്പെട്ട ഒരു തീർത്ഥാടന കേന്ദ്രമാണ് കണ്ണൂർ ജില്ലയിലെ പറശ്ശിനിക്കടവ് ക്ഷേത്രം. ദിവസവും പതിനായിരക്കണക്കിന് ആളുകൾ എത്തിച്ചേരുന്ന പ്രസ്തുത ക്ഷേത്രത്തിന് സമീപം കച്ചവടം നടത്തി ഉപജീവനം നടത്തുന്ന നൂറു കണക്കിന് ആളുകൾ അവിടെയുണ്ട്. ചെറുകിട കച്ചവടക്കാരും ഇടത്തരക്കാരുമായിട്ടുള്ളവരാണ് ഇതിൽ പ്രധാനമായിട്ടുള്ളത്. ഇന്നലെ പുലരുന്നതിനുമുമ്പ് 1.30 മണി മുതൽ ആരംഭിച്ച തീ പിടിത്തം രണ്ട് മണിയ്ക്കാണ് ഫയർ സർവ്വീസുകാർ വന്ന് അണച്ചത്. 32 കടകൾ അവിടെ പൂർണ്ണമായും കത്തി നശിച്ചിരിക്കുകയാണ്. നാട്ടുകാരും ഫയർ സർവ്വീസുകാരുമെല്ലാം ചേർന്ന് തീ അണയ്ക്കാൻ ശ്രമിച്ചുവെങ്കിലും 75 ലക്ഷം രൂപയുടെ നഷ്ടമാണ് ഇപ്പോൾ അവിടെ സംഭവിച്ചിട്ടുള്ളത്. കെ.വി. വേണുഗോപാൽ എന്ന ഒരാളുടെ സൂപ്പർ സ്റ്റോർ എന്ന ഒരു കടയ്ക്ക് മാത്രം പത്തുലക്ഷം രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ടെന്നാണ് ഇപ്പോൾ കിട്ടിയിരിക്കുന്ന റിപ്പോർട്ട്. വളരെ പാവപ്പെട്ട ആളുകളാണ് കച്ചവടക്കാരിൽ മഹാഭൂരിപക്ഷവും. ഇവരുടെ ഏക അവലംബം ഈ കടയും കടയിൽനിന്ന് കിട്ടുന്ന വരുമാനവുമാണ്. അവർക്ക് ജീവിതം തുടർന്നു മുന്നോട്ടു കൊണ്ടുപോകാൻ തന്നെ ഗവൺമെന്റിന്റെ സത്വരമായ സഹായ സഹകരണങ്ങൾ കൊണ്ടുമാത്രമേ കഴിയുകയുള്ളൂ. അടിയന്തിരമായും സാമ്പത്തിക സഹായം അനുവദിക്കുന്നതിന് നടപടിയുണ്ടാകണമെന്നാണ് ഗവൺമെന്റിനോട് അഭ്യർത്ഥിക്കാനുള്ളത്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സർ, ഇവിടെ ബഹുമാനപ്പെട്ട മെംബർ പറഞ്ഞത് മുഴുവൻ വസ്തുതയാണ്. 32 കടകൾ പൂർണ്ണമായും കത്തി നശിച്ചു. ഏകദേശം 50 ലക്ഷം രൂപയുടെ നാശനഷ്ടമുണ്ടായിട്ടുണ്ടാകുമെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. അതിൽ ഏറ്റവും കൂടുതൽ നാശനഷ്ടമുണ്ടായത് വേണുഗോപാലിന്റെ കടയ്ക്കാണ്. ഏകദേശം ഏഴു ലക്ഷം രൂപയുടെ നാശനഷ്ടമുണ്ടായിട്ടുണ്ട്. ചെറിയകടകളും സാമാന്യംഭേദപ്പെട്ട കടകളും ഉണ്ട്. ഇതിന്റെ വിശദമായ റിപ്പോർട്ടും കണക്കുമൊക്കെ തയ്യാറാക്കാൻ പറഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ഞാൻ ഈ

LIBRARY ARCHIVES Kerala Legislative Assembly

വിഷയം സംസാരിച്ചിട്ടുണ്ട്. ഞാനും മുഖ്യമന്ത്രിയുമായി ആലോചിച്ചിട്ട് കഴിയുന്നതുംവേഗം അവർക്കാവശ്യമായ സാമ്പത്തികസഹായം നൽകുന്നതാണ്. ക്ഷേത്രത്തിന്റെ സാന്നിദ്ധ്യംകൊണ്ടാണ് അവർ പണമുണ്ടാക്കിയത്. ക്ഷേത്രത്തിനും ധാരാളം പണമുണ്ടെന്നാണ് മുഖ്യമന്ത്രി പറയുന്നത്. ഞങ്ങൾ ആലോചിച്ച് ആവശ്യമായ നഷ്ടപരിഹാരം അടിയന്തിരമായി കൊടുക്കാം.

(6) സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം നിലനിറുത്തേണ്ടതിന്റെ ആവശ്യകത

<u>ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ</u> : സർ, കേരളത്തിൽ മാത്രമാണ് സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായമുള്ളത്. കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമാണ്. സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സംവിധാനം ഭീഷണി നേരിടുന്ന ഒരു കാലഘട്ടത്തിലാണ് നമ്മൾ എത്തി നിൽക്കുന്നത്. കേന്ദ്ര ഗവൺമെന്റ് ഇടയ്ക്ക് സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് രംഗത്ത് എടുക്കുന്ന തീരുമാനങ്ങളെക്കുറിച്ച് പലതരത്തിലുള്ള ആശങ്കകൾ ഉണ്ടാക്കുന്ന പത്രവാർത്തകളാണ് വന്നിട്ടുള്ളത്. ഒരു പത്രവാർത്ത റേഷൻ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ആളുകൾക്ക് മാത്രം നിജപ്പെടുത്താൻ പോകുന്നുവെന്നാണ്. മറ്റൊന്ന്, എല്ലാ സബ്സിഡികളും എടുത്തുകളയുമെന്നാണ്. ഇത് കേരളത്തിലെ റേഷൻ കടക്കാരുടെ പ്രശ്നം മാത്രമല്ല, മൂന്നു കോടിയിൽപ്പരം ജനങ്ങളെ ബാധിക്കുന്ന പ്രശ്നമാണ്. അതുകൊണ്ട് എന്റെ അഭിപ്രായം ഈ നിയമസഭതന്നെ ഏകകണ്ഠമായി ഒരു പ്രമേയം പാസ്സാക്കി കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തണം എന്നുള്ളതാണ്. ഒരു സർവ്വ കക്ഷി നിവേദകസംഘം പോകണമെങ്കിൽ അങ്ങനെ പോകണം. മറ്റൊരു കാര്യം, റേഷൻ കടക്കാരുടെ ഒന്നുരണ്ട് ചെറിയ പ്രശ്നങ്ങൾ കൂടിയുണ്ട്. അവരുടെ ക്ഷേമനിധി ഉടൻ നടപ്പിലാക്കാനാവശ്യമായ നടപടിയെടുക്കണം. അത് വളരെ താമസിക്കരുത്. മറ്റൊന്ന് ഏറ്റവും മെച്ചപ്പെട്ട തരത്തിലുള്ള ഗുണനിലവാരമുള്ള സാധനങ്ങൾ ലഭിക്കാനാവശ്യമായ സംവിധാനങ്ങളുണ്ടാകണം. മറ്റൊരു കാര്യം, കമ്മിഷൻ ശതമാനത്തോതിലാക്കണം. ഈ ആവശ്യങ്ങളാണ് ഉന്നയിക്കാനുള്ളത്. പ്രമേയം പാസ്സാക്കുന്ന കാര്യം വളരെ ഗൗരവമായി കാണേണ്ടതാണ്. സർവ്വകക്ഷി നിവേദകസംഘം ഒരു രാഷ്ട്രീയ പരിഗണനയുമില്ലാതെ പോകണം. ഇപ്പോൾ കേന്ദ്രത്തിൽ ഭരിക്കുന്ന ബി.ജെ.പി. യുടെ നേതാക്കൻമാരെ കൂട്ടിയാലും കുഴപ്പമില്ല. കേരളത്തിലെ ജനങ്ങളുടെ വികാരം കൂട്ടായി കേന്ദ്ര ഗവൺമെന്റിനെ അറിയിക്കണം. 1964-ലാണ് സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം വരുന്നത്. സ്റ്റാറ്റ്യൂട്ടറി റേഷൻ കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ വാഗ്ദാനമുണ്ട്. അതനുസരിച്ച് സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സംവിധാനത്തിൽ ഒരു മാറ്റവുമില്ലാത്ത തരത്തിൽ തുടർന്നു പോകാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി <u>(ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ)</u> : സർ, ഇന്നലെയും ഇതേ ഇഷ്യൂവിനെക്കുറിച്ച് പറഞ്ഞതാണ്. നമ്മുടെ സംസ്ഥാനത്തിന്റെ പൊതുവികാരമാണിത്. അതുകൊണ്ട് അത് ശക്തമായി അവിടെ പറഞ്ഞിട്ടുണ്ട്. ഇനി എവിടെയെങ്കിലും കേന്ദ്രം വേറൊരു നിലപാടെടുത്താൽ ഭക്ഷ്യകമ്മിയുള്ള കേരളത്തിനും നോർത്ത് ഈസ്റ്റിനുമെങ്കിലും ഇന്നുള്ള സിസ്റ്റം കണ്ടിന്യൂ ചെയ്യാനുള്ള സംവിധാനമുണ്ടാക്കണമെന്ന് പറഞ്ഞിട്ടുണ്ട്. ആ ആർഗ്യുമെന്റ് അവർക്കും കുറെ ബോധ്യപ്പെടുന്നുണ്ടെന്നാണ് എനിക്ക് തോന്നിയത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ നമുക്ക് ഏകകണ്ഠമായി ഒരു പ്രമേയം വേണമെന്നുണ്ടെങ്കിൽ അംഗീകരിച്ച് അയ

LIBRARY ARCHIVES Kerala Legislative Assembly